**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1809** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഞങ്ങളും കൃഷിയിടത്തിലേക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷിയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച ഞങ്ങളും കൃഷിയിടത്തിലേക്ക് പദ്ധതി ഫലപ്രദമായി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കൃഷിയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുന്നതിനും എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനായും കർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ''ഞങ്ങളും കൃഷിയിലേക്ക്''. |
| (ബി) | പതിനായിരം കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും ജൈവകൃഷി വ്യാപകമാക്കുന്നതിനും പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരുന്നോ; ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; കൃഷിയിൽ ശാസ്ത്രീയ രീതി അവലംബിക്കുന്നത് വ്യാപകമാക്കാനായിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് കൃഷിയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ച "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി 10000 കൃഷിക്കൂട്ടം രൂപീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ സംസ്ഥാനത്തൊട്ടാകെ ആകെ 25887 എണ്ണം കൃഷിക്കൂട്ടങ്ങൾ പ്രാഥമിക ഘട്ടത്തിൽ രൂപീകരിക്കുകയും നിലവിൽ 19849 എണ്ണം കൃഷിക്കൂട്ടങ്ങൾ വിവിധ മേഖലകളിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>"ഞങ്ങളും കൃഷിയിലേക്ക്" പദ്ധതി നടപ്പിലാക്കിയതിലൂടെ കാർഷിക രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടം വിലയിരുത്തിയിട്ടുണ്ട്.<br><br>"ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ കൃഷിക്കൂട്ടങ്ങളുടെ കൂടി സഹായത്തോടെ 601 ഹെക്ടർ സ്ഥലത്ത് തരിശു നിലത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. 2022-23 വർഷത്തിൽ നാളിതുവരെ 104.9045 ഹെക്ടർ സ്ഥലത്ത് തരിശു നിലത്തിൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേരള കാർഷിക സർവ്വകലാശാല ശുപാർശ ചെയ്യുന്ന തെളിയിക്കപ്പെട്ട ശാസ്ത്രീയ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിച്ചാണ് കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നത്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നെൽകൃഷിക്ക് നൽകിയ പ്രാധാന്യത്തിന്റെ ഫലമായി ഉല്പാദനത്തിലും വിസ്തൃതിയിലും വർദ്ധനവ് സൃഷ്ടിക്കാനായിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 2011-12 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ നെൽകൃഷിയുടെ വിസ്തൃതി, ഉല്പാദനം എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | വർഷം | വിസ്തൃതി (ഹെക്ടർ) | അരി ഉത്പാദനം (ടൺ) |
|---|---|---|---|
| 1 | 2011-12 | 208160 | 568993 |
| 2 | 2012-13 | 197277 | 586297 |
| 3 | 2013-14 | 199611 | 564325 |
| 4 | 2014-15 | 198159 | 562092 |
| 5 | 2015-16 | 196870 | 549275 |
| 6 | 2016-17 | 171398 | 436483 |
| 7 | 2017-18 | 194235 | 521310 |
| 8 | 2018-19 | 202907 | 661000 |
| 9 | 2019-20 | 198180 | 587078 |
| 10 | 2020-21 | 205040.46 | 633739 |
| 11 | *2021-22 | 1957345 | -- |

*വിസ്തൃതി - എസ്റ്റിമേറ്റ് മാത്രം. 2021-22 വർഷത്തെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല.